പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1573** **04.12.2018 ൽ മറുപടിയ്ക്ക്**

**യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; ബി) ഇല്ലെങ്കിൽ ആയതിലേക്കുള്ള സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ? | (എ) യും (ബി) യും ഉണ്ട്. കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ അവശ്യം വേണ്ട ഘടകങ്ങളാണ്. ഇതിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

1) **ഹൈ-ടെക് അഗ്രിക്കൾച്ചർ** :-

പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.

2) **പച്ചക്കറി കൃഷി വികസന പദ്ധതി** :-

ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവട് വയ്പാണ്.

3) **അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും** :-

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച

പ്രവർത്തിക്കുന്ന 64 അഗ്രോസെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

4) **<u>ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം</u>**

സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000/- രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷിവകുപ്പ് മുഖാന്തിരം നൽകുന്നതാണ്.

5) **<u>കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ</u>** :-

കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകുന്നതാണ് എസ് എഫ് എ സി മുഖാന്തിരമുള്ള ഈ പദ്ധതി.

6) **<u>അഗ്രോ പാർക്ക്</u>** :-

കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് അഗ്രോപാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതോടെ സംരംഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

7) **<u>വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും</u>** :-

കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകി വരുന്നു.

കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തിരവും പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരവും ധനസഹായം നൽകിവരുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു.

കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ (ATMA) വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

ഹൈടെക് കൃഷിരീതി, മിനി പോളിഹൗസുകൾ, ഊർജ്ജരഹിത ശീതീകരണ അറകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും, സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും, ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾ വഴി നൽകിവരുന്നു.

2016-17 സാമ്പത്തിക വർഷം മുതൽ കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉല്പാദനം, വിപണനം, വ്യാപനം എന്നിവയ്ക്ക് ഊന്നൽ നൽകി 'വൈഗ' എന്ന പേരിൽ പ്രദർശന മേള സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തേയും ഇതര സംസ്ഥാനങ്ങളിലേയും മൂല്യവർദ്ധിത ഉല്പന്നങ്ങളെ പരിചയപ്പെടുത്തുന്നതോടൊപ്പം കർഷകരെയും വിദേശികൾ ഉൾപ്പെടെയുള്ള വിദഗ്ധരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലയും വൈഗയുടെ ഭാഗമായി നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തെ കാർഷിക മൂല്യവർദ്ധിത രംഗത്തെ പ്രൊഡ്യൂസർ

ഓർഗനൈസേഷനുകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാല നടത്തുന്നതോടൊപ്പം കൂടുതൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**